സമ്മർദ്ദം ചെലുത്തിയാലും ഈ അവഗണന എങ്ങനെ അവർ തിരുത്തുമെന്ന് പറയാൻ സാധിക്കുകയില്ല.

(2) സ്ത്രീകൾക്കെതിരായുള്ള അക്രമപ്രവർത്തനങ്ങൾ തടയുന്നതിന് നിയമ ഭേദഗതി കൊണ്ടുവരേണ്ടതിന്റെ ആവശ്യകത

ശ്രീമതി ശോഭനാ ജോർജ് : സർ, 21-ാം നൂറ്റാണ്ടിലെ കേരളത്തിലെ സ്ത്രീകളുടെ, അപമാനിതവും ദു:ഖിതവുമായ കേരളത്തിലെ സ്ത്രീത്വത്തിന്റെ പ്രതിനിധിയായിട്ടാണ് ഈ സഭയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്. സാക്ഷരതയിൽ മുന്നിൽനിൽക്കുന്ന സംസ്ഥാനമെന്ന്, പേരുകേട്ടതും ഇന്ത്യയ്ക്കുതന്നെ മാതൃകയായിട്ടുള്ളതുമായ കേരളത്തിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി നടന്ന സംഭവങ്ങൾ കേരളത്തിലെ ഒരാളിനുപോലും അഭിമാനിക്കാൻ വകതരുന്ന കാര്യങ്ങളായിരുന്നില്ല. അതുകൊണ്ടുതന്നെയാണ് വളരെ ഗൗരവമുള്ള ഒരു വിഷയമായി ഈ സഭയുടെ മുന്നിൽ ഈ പ്രശ്നം കൊണ്ടുവരാൻ ഞാൻ തയ്യാറായതും. വനിതാ കമ്മീഷൻ ചെയർപെഴ്സൺ പറഞ്ഞത് ''ഇവൾ പെണ്ണല്ലയോ, പെണ്ണിനുടയോൻ ദു:ഖമല്ലയോ'' എന്നാണ്. 20-ാം നൂറ്റാണ്ടിലെഴുതിയ ആ വിലാപകാവ്യം 21-ാം നൂറ്റാണ്ടിലും ഈ സമൂഹത്തിൽ അലയടിക്കുന്നുവെന്ന് പറയത്തക്ക സംഭവങ്ങളാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്. കേരളത്തിലെ ഉന്നതയായ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥയുടെ മുഖത്തുനോക്കി 'എനിക്ക് ഭയങ്കര കൊതിയാണ് എന്ന് പറയാനുള്ള, അത്രയ്ക്ക് ഹീനമായ, വൃത്തികെട്ട രീതിയിൽ പെരുമാറുവാൻ കേരളത്തിലെ ഒരു മന്ത്രി തയ്യാറായി എന്നു പറയുന്നതുതന്നെയാണ് ഇത്തരമൊരു ശ്രദ്ധക്ഷണിക്കലുമായി ഈ സഭയുടെ മുൻപിൽ വരുവാൻ എന്നെ പ്രേരിപ്പിച്ചത്. ഈ സംസ്ഥാനത്ത് ഒട്ടേറെ നിയമങ്ങൾ നിലവിലുണ്ട്.

ശ്രീമതി ആർ. ലതാദേവി : ഈ പറയുന്ന ആൾ .....

ശ്രീമതി ശോഭനാ ജോർജ് : ശ്രീമതി ലതാദേവി ചായ കുടിക്കുന്ന ലാഘവത്തോടെ ഇതിനെ കാണരുതെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ. ഞാൻ വളരെ ഗൗരവമായിട്ടാണ് പറയുന്നത്. എന്തു പറഞ്ഞാലും ഏതുപറഞ്ഞാലും അതിൽ രാഷ്ട്രീയം കണ്ട് ഇന്ന് സ്ത്രീയോട് എന്തുമാകാമെന്നുള്ള ഒരു സാഹചര്യം ഈ സംസ്ഥാനത്തുണ്ടായതിന്റെ കാരണങ്ങളിലൊന്നാണ് ഇപ്പോൾ ഇവിടെ കേട്ട ആ അപശബ്ദം. കെ.എഫ്.എസ്. ഉദ്യോഗസ്ഥയുടെ കാര്യം മാത്രമല്ല, കഴിഞ്ഞ ദിവസം എം.എൽ.എ. ഹോസ്റ്റലിലെ തുപ്പുകാരി പോലും പരാതി നൽകിയിരിക്കുന്നു, അവരെ ആരോ അപമാനിക്കാൻ ശ്രമിച്ചുവെന്ന്. ഇന്നത്തെ ഇന്ത്യൻ എക്സ്പ്രസ്സ് പത്രമെടുത്തുനോക്കണം. ഗുരുവായൂർ ദേവസ്വം ബോർഡിലെ ഒരു ലൈബ്രേറിയൻ കൊടുത്ത പരാതിയാണ്- ശ്രീമതി രാജലക്ഷ്മി കൊടുത്ത പരാതിയാണ്. ആ പരാതിയിൽ രാജലക്ഷ്മി പറയുന്നു, 'എനിക്ക് നീതി കിട്ടിയിട്ടില്ല എന്ന്. ഞാൻ പോലീസിൽ പരാതി നൽകിയിട്ട് പോലീസ് ഒരു നടപടിയുമെടുത്തില്ല. ഗുരുവായൂർ പോലീസ് സ്റ്റേഷനിലാണ് പരാതികൊടുത്തത്. ഒരു നടപടിയും ഇതുവരെയുണ്ടായിട്ടില്ല. അന്വേഷണം നടത്താതെതന്നെ അങ്ങനെ പറഞ്ഞിന് തനിക്കേറ്റ അപമാനം, താൻ അനുഭവിച്ച പീഡനം യാതൊരു ശിക്ഷയും കുറ്റവാളിക്ക് കൊടുത്തിട്ടില്ല എന്നതാണ് രാജലക്ഷ്മിയുടെ വാദം. കേരളം എങ്ങോട്ടു പോകാനാണ് ഉദ്ദേശിക്കുന്നത്? ഒരു ഡിറ്റർമിൻഡ് ആക്ഷൻ ഇക്കാര്യത്തിലുണ്ടാകണം; ഒരു ഡിറ്റർമിൻഡ് പണിഷ്മെന്റ് ഉണ്ടാകണം. ഒരാളെയെങ്കിലും മാതൃകാപരമായി, ഭയപ്പെടുന്ന നിലയിൽ, ശിക്ഷിക്കാൻ തീരുമാനിച്ചാൽ മറ്റൊരാൾക്കും ഇങ്ങനെ ചെയ്യാനുള്ള ധൈര്യം വരില്ല.

LIBRARY ARCHIVES Kerala Legislative Assembly

[10 AM] തൊഴിൽ മേഖലകളിൽ, വ്യവസായ മേഖലകളിൽ എന്തിനേറെ ബസ് സ്റ്റോപ്പുകളിൽപ്പോലും ബസ്സിൽ കയറുന്ന പൂവാലൻമാർ വെറുതേവിടാറില്ല. എത്ര കേസുകളുണ്ടായി? ഒരുകേസിലെങ്കിലും മാതൃകാപരമായ ശിക്ഷാനടപടയുണ്ടായിരുന്നുവെങ്കിൽ ഈ സംസ്ഥാനം ഇത്രമാത്രം അപഹാസ്യമാകുന്ന അപമാനിതമാകുന്ന ഒരു സ്ഥിതിയിലേയ്ക്ക് പോകുമായിരുന്നോ? വല്ലവന്റേയും അമ്മയ്ക്ക് ഭ്രാന്ത് വന്നാൽ കണ്ടു നിൽക്കാൻ രസമാണ്. നമ്മുടെ ഭാര്യയും പെൺമക്കളും പെങ്ങൻമാരും സുരക്ഷിതരാണോ എന്നുള്ളതുമാത്രമേ നമ്മൾ ശ്രദ്ധിക്കാറുള്ളൂ. നമ്മുടെ സമൂഹത്തിൽ ഏഴ് വയസ്സുള്ള പെൺകുഞ്ഞും എഴുപത് വയസ്സുള്ള സ്ത്രീയും ഒരേ പീഢനം, ഒരേ കഷ്ടപ്പാടാണ് സഹിക്കേണ്ടിവരുന്നതെന്ന പരാതികളാണ് വനിതാ കമ്മിഷന്റെ മുൻപിൽ എത്തുന്നത്; ഇവിടത്തെ മേലധികാരികളുടെ മുൻപിലെത്തുന്നത്. എന്തെങ്കിലും നടപടിയുണ്ടായോ? ഒട്ടേറെ വിപ്ലവത്തിനു ശേഷം രൂപംകൊണ്ടതാണ് വനിതാ കമ്മിഷൻ. വനിതാ കമ്മിഷന്റെ സ്ഥിതി എന്താണ്? അഞ്ചുപേരാണ് വനിതാകമ്മിഷനിലെ അംഗങ്ങൾ. ഞാൻ ഒരു കാര്യം തുറന്നുപറയുകയാണ്, കേരളത്തിൽ ഇങ്ങനെയൊരു വനിതാ കമ്മിഷൻ എന്തിനാണ്? ജുഡീഷ്യൽ അധികാരമില്ലാത്ത ഒരു വനിതാ കമ്മിഷൻ എന്തിനാണ്? 25,000 പെറ്റിഷൻവരെ ഇവിടെ കെട്ടിക്കിടക്കുന്നുവെന്നാണ് അറിയുന്നത്. അന്വേഷിക്കാൻ അഞ്ചുപേരാണ്. അവർക്ക് ഫണ്ട് ഇല്ല. അവർ തന്ന ശുപാർശകൾ നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞോ? വനിതാ കമ്മിഷൻ രൂപീകരിച്ച് മൂന്നര വർഷത്തിനിടയിൽ കഴിഞ്ഞ പ്രാവശ്യമാണ് ആദ്യമായി നിയമസഭയിൽ വനിതാ കമ്മീഷന്റെ ശുപാർശകൾ വരുന്നത്. ആ ശുപാർശയിൽ ഒരു കാര്യമെങ്കിലും നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞോ? സ്ത്രീ ഇത്ര നിസ്സാര വസ്തുവാണോ? ഗൗരവമായി സ്ത്രീയെ കാണേണ്ട ആവശ്യമുണ്ട്. അങ്ങയോട് എനിക്കൊരു അപേക്ഷയുണ്ട്. അങ്ങ് എന്ത് പറഞ്ഞാലും ചിലപ്പോൾ ഞാൻ കേട്ടിരുന്നുവെന്നുവരും. എന്തെങ്കിലും ഗൗരവതരമായ ഒരു വിഷയം പറയുമ്പോൾ മറ്റുപലതുമായി അതിനെ ബന്ധപ്പെടുത്തരുത്. കേരളത്തിലെ സ്ത്രീകളുടെ ശബ്ദമാണ് ഞാൻ പറയുന്നത്; കേരളത്തിലെ സ്ത്രീകളുടെ ഭാഷയാണ് ഞാൻ സംസാരിക്കുന്നത്; കേരളത്തിലെ സാധാരണക്കാരായ, ഗ്രാമങ്ങളിൽ ജീവിക്കുന്ന, സ്ത്രീകളുടെ അഭിപ്രായമാണ് ഞാൻ ഈ സഭയിൽ പറയുന്നത്. വനിതാ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടത് നമ്മുടെ നാടിന്റെ ആവശ്യമല്ലേ? ലോക് ആയുക്ത മാതൃകയിൽ ജുഡീഷ്യൽ അധികാരമുള്ള ഒരു വനിതാകമ്മിഷനാണ് അധികാരത്തിൽ വരേണ്ടത്. അതിനകത്ത് രാഷ്ട്രീയത്തിന് പ്രാധാന്യമുണ്ടാകണമെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. വനിതാ കമ്മിഷൻ അദ്ധ്യക്ഷയ്ക്ക് ഹൈക്കോടതി ജഡ്ജിയുടെ അധികാരങ്ങൾ കൊടുക്കണം. ഇവിടെ വനിതാ കമ്മീഷനിൽ ഒരുപാട് പരാതികൾ വരുന്നു. പരാതിയുമായി വരുന്ന പെൺകുട്ടികളോട് ഇനിയും നിങ്ങൾക്ക് പ്രയാസമുണ്ടാകുകയാണെങ്കിൽ ഞങ്ങളുടെ അടുത്ത് വരൂ എന്ന് പറഞ്ഞയയ്ക്കുന്നതാണ് ഇന്ന് ചെയ്യുന്ന ഏറ്റവും വലിയ നടപടിയെന്ന് അങ്ങേയ്ക്ക് അറിയാമോ? പ്രകൃതി ശ്രീവാസ്തവ വനിതാകമ്മീഷൻ ചെയർമാനോട് പരാതിപ്പെട്ടിട്ട്, Suo-moto കേസെടുക്കാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട വിഷയം പറഞ്ഞിട്ട്, റിട്ടണായി പരാതി തന്നിട്ടില്ല എന്നു പറഞ്ഞ് കണ്ണടച്ചിരിക്കേണ്ട ഗതികേടാണ് വനിതാ കമ്മീഷനുള്ളത്. ഇവിടെ Helpline വന്നു. ബി.ജെ.പി.യുടെ പ്രസ്താവന ഞാൻ കണ്ടു. 30 പേർക്ക് ട്രെയിനിംഗ് കൊടുത്താൽ അവിടെ വിളിച്ചുവരുത്തുന്നവരെ സഹായിക്കാൻ കഴിയുമോ? 30 പേർക്ക് ട്രെയിനിംഗ് കൊടുത്താൽ സർവ്വ പ്രശ്നവും തീരുമോ? വനിതാ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. ആകെയുള്ള ഒരാശ്രയമാണ്. 1997-ൽ സുപ്രീം കോടതിയുടെ വിധി വന്നിട്ടുണ്ട്. വിശാഖ കേസിൽ സ്റ്റേറ്റ് ഓഫ് രാജസ്ഥാന്റെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിധി ഉണ്ട്. ആ വിധിയിൽ പറയുന്നത് സുപ്രീം കോടതിയുടെ വിധി വന്നാൽ അത് നിയമത്തിന്റെ ഭാഗമാകുമെന്നാണ്. നിയമത്തിന്റെ ഭാഗമായിരുന്നുവെങ്കിൽ തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് 50 ശതമാനം പ്രാതിനിധ്യമുള്ള പരാതി കമ്മിറ്റി ഉണ്ടാകേണ്ടേ? അങ്ങനെയായിരുന്നുവെങ്കിൽ ഗുരുവായൂരിൽ ആ സംഭവം ഉണ്ടാകുമായിരുന്നോ? വനിതാ മാഗസിൻ ഒരു സർവ്വേ നടത്തിയിട്ടുണ്ട്. അതൊന്ന് വായിക്കണം. കഴിഞ്ഞ വർഷം അറുന്നൂറിലേറെ പെൺകുട്ടികളെ കാണാതായി എന്നാണ് വനിതയുടെ സർവ്വേയിൽ പറയുന്നത്. തിരിച്ചെത്തുമ്പോഴാണ് പല പെൺകുട്ടികളുടേയും പേരിൽ കേസ് എടുക്കുക എന്നാണ് അതിൽ പറയുന്നത്. അവരെ ആര് കൊണ്ടുപോകുന്നു? എങ്ങോട്ട് കൊണ്ടുപോകുന്നു? ഇത് ആരെങ്കിലും ശ്രദ്ധിക്കാറുണ്ടോ? ഇതിനെപ്പറ്റി ചിന്തിക്കുവാനോ നടപടിയെടുക്കുവാനോ ഒരു ഏജൻസി നമ്മുടെ സംസ്ഥാനത്തുണ്ടോ? ഇന്ന് ഒട്ടേറെ നിയമങ്ങൾ ഇവിടെ പറയുന്നു, ആ നിയമങ്ങൾക്ക് സംരക്ഷണം നൽകുന്ന തരത്തിലല്ലാതെ ഈ നിയമങ്ങൾ ശക്തമായി ഉപയോഗിക്കത്തക്കവണ്ണമുള്ള എന്തെങ്കിലും നടപടി നമ്മുടെ ഭാഗത്തുണ്ടോ? അതുകൊണ്ട് എനിക്ക് ഈ സഭയുടെ മുൻപാകെ പറയുവാനുള്ളത് ഇവിടെ രാഷ്ട്രീയം ഇല്ല; രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലല്ല ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ സഭയിൽ കൊണ്ടുവന്നത്. മറ്റൊരു നീലലോഹിതദാസൻ നാടാർ നമ്മുടെ സംസ്ഥാനത്തുണ്ടാകരുത്. ഈ നിയമസഭയിൽ വന്ന് പ്രസംഗിക്കാനുള്ള അവകാശം ശ്രീ. നീലലോഹിതദാസൻ നാടാർക്ക് കൊടുക്കരുത്. അതാണ് ഞങ്ങളുടെ ആവശ്യം. ഇത് എന്റെ വ്യക്തിപരമായ അഭിപ്രായമാണ്. ഇനിയും നളിനി നെറ്റോമാർ ഈ സംസ്ഥാനത്ത് വിലപിക്കാൻ ഇടയാകരുത്. എം.എൽ.എ. ഹോസ്റ്റലിലെ തൂപ്പുകാരിക്കുപോലും രക്ഷയില്ലെന്നുപറയുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ടാകരുത്. അതുകൊണ്ട് ഇവിടത്തെ വനിതാ കമ്മീഷന് ജുഡീഷ്യറി അധികാരം കൊടുത്ത് ശക്തിപ്പെടുത്തണം. അതുപോലെതന്നെ സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഇവിടെ വന്നിരിക്കുന്ന നിയമങ്ങൾ ശക്തിപ്പെടുത്തി ഒരു ടൈം ബൗണ്ട് ആക്ഷൻ ഇക്കാര്യത്തിലുണ്ടാകണം. പരാതിയുമായി ചെന്നാൽ കേസ് രജിസ്റ്റർ ചെയ്യുവാനും, അറസ്റ്റ് ചെയ്യുവാനും കഴിയത്തക്ക വിധത്തിൽ പോലീസുദ്യോഗസ്ഥൻമാർക്ക് ട്രെയിനിംഗ് നൽകണം, ഇക്കാര്യം ഗൗരവത്തോടുകൂടി കാണണം. ഒട്ടേറെ രംഗത്ത് വിപ്ലവം സൃഷ്ടിച്ചിട്ടുള്ള കേരളത്തിന്റെ മണ്ണിൽ സ്ത്രീക്ക് ഇങ്ങനെ സങ്കടത്തോടുകൂടി, വേദനയോടുകൂടി അസംബ്ലിയിൽ ഇങ്ങനെയൊരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരാൻ സാഹചര്യമുണ്ടായതിൽ ഞാൻ തലകുനിയ്ക്കുന്നു. അതുകൊണ്ട് ശക്തമായ നടപടി ഈ കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ കുറേ ശരിയുണ്ട്. അത് ഇതിനകത്ത് പോരാ അപ്പുറത്തും വേണം. എന്നെക്കൊണ്ട് മുഴുവൻ പറയിക്കരുതെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. നിങ്ങൾതന്നെ സ്വയം വിമർശനപരമായി പരിശോധിക്കണം. അപ്പോൾ അപ്പുറത്തും ഇപ്പുറത്തും പിശകുണ്ടാകും. അത് തിരുത്തണമെന്നേ ഞാൻ പറയുന്നുള്ളൂ. എന്നെക്കൊണ്ട് ദീർഘമായി പറയിക്കരുത്. പറഞ്ഞാൽ നിങ്ങൾതന്നെ മലർന്നുവീഴും. അതാണ് ബുദ്ധിമുട്ട്. നിങ്ങൾ പറഞ്ഞ അച്ചടിച്ച കടലാസ്സ് എന്റെ കൈയ്യിലുണ്ട്. ഇല്ലാതെയല്ല പറയുന്നത്. ശ്രീമതി ശോഭനാ ജോർജ് എന്തുപറഞ്ഞുവെന്ന് അച്ചടിച്ച പത്രം ഇവിടെ ഇരിപ്പുണ്ട്. എന്നെക്കൊണ്ട് പറയിപ്പിക്കരുത്, പറയുന്നത് ശരിയുമല്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല. അപ്പുറത്തും തെറ്റുണ്ട് ഇപ്പുറത്തും തെറ്റുണ്ട്. രണ്ട് വശത്തുള്ള തെറ്റുകളും തിരുത്തണം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വിധേയയായ ശ്രീമതി നളിനി നെറ്റോതന്നെ പറഞ്ഞത് എനിക്ക് നീതി ലഭിച്ചു എന്നാണ്. I confess, I got justice എന്ന് ഹിന്ദു പത്രത്തിലും ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിലും അവർ പറഞ്ഞിട്ടുണ്ട്. പഞ്ചാബിലുള്ള പ്രശ്നത്തെപ്പറ്റി ഇവിടെ പ്രൊഫ. മീനാക്ഷി തമ്പാൻ പറഞ്ഞല്ലോ. കോൺഗ്രസ്സ് ഭരിക്കുന്ന ഒറീസ്സയിൽ അഡ്വക്കേറ്റ് ജനറലിനെക്കുറിച്ചുള്ള സംഭവം പ്രൊഫ. മീനാക്ഷി തമ്പാൻ പറഞ്ഞല്ലോ. എത്രകൊല്ലമായി? അതിൽ വല്ല നീതിയും കിട്ടിയോ? കോൺഗ്രസ് ഭരിക്കുന്നിടത്തും കിട്ടിയില്ല; അകാലിദൾ ഭരിക്കുന്നിടത്തും കിട്ടിയില്ല. മൂന്ന് കൊല്ലമായിട്ട് കേസ് തീർന്നോ? ഇവിടെ അഞ്ച് ദിവസത്തിനുള്ളിൽ പ്രശ്നം തീർത്തു; പ്രശ്നം തീർന്നില്ല; അന്വേഷണത്തിൽ കിടക്കുകയാണ്. അദ്ദേഹം മന്ത്രിസ്ഥാനത്തുനിന്ന് പോയി. മൂന്നുകൊല്ലമായിട്ട് ഗില്ലിന്റെ കേസ് തീർന്നോ? അതുപോലെ അഡ്വക്കേറ്റ് ജനറലിന്റെ കേസ് തീർന്നോ? എന്നെക്കൊണ്ട് അധികം പറയിപ്പിക്കരുത്. ഇൻഡ്യാ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതി ഇതാണെങ്കിൽ അതിനേക്കാൾ എത്രയോ ഭേദമാണ് ഇവിടെ നടക്കുന്നത്! ഈ സ്ത്രീ മൂന്നുദിവസത്തിനുശേഷം അതായത് 12-ാം തീയതി പറഞ്ഞു എനിക്ക് നീതി ലഭിച്ചുവെന്ന്., ഇൻഡ്യയിൽ ഏതെങ്കിലും ഒരു സ്ത്രീക്കെതിരായി ആരോപണമുണ്ടായിട്ട് മൂന്നുദിവസത്തിനുള്ളിൽ നീതി കിട്ടിയിട്ടുണ്ടോ? ഞാൻ ചോദിക്കുകയാണ് നിങ്ങൾക്ക് നീതി കിട്ടിയിട്ടുണ്ടോ? സ്ത്രീകൾക്കെതിരെ തൊഴിൽ സ്ഥലത്തുവച്ചുണ്ടാകുന്ന ലൈംഗിക പീഡനം തടയുന്നതിനും സ്ത്രീ സമത്വം സംരക്ഷിക്കുന്നതിനും ഏർപ്പെടുത്തേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് സുപ്രീം കോടതി രാജസ്ഥാൻ സർക്കാരിന് എതിരെ വിശാഖയുടെ കേസിൽ വിധി പ്രഖ്യാപിക്കുകയുണ്ടായി. ഈ വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് സിവിൽ സർവ്വീസ് പെരുമാറ്റച്ചട്ടനിയമത്തിൽ ചില ഭേദഗതികൾ വരുത്തി. പ്രസ്തുത ഭേദഗതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലും Industrial Employment (Staning Orders Act) 1946-ലും ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ നിയമനിർമ്മാണം ഉണ്ടാകുന്നതുവരെ സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം പ്രായോഗികമായി നടപ്പിൽവരുത്തുന്നതിനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും കുറ്റകൃത്യങ്ങളെപ്പറ്റിയുള്ള അന്വേഷണം കാര്യക്ഷമമാക്കുന്നതിനും വേണ്ടി വനിതാ പോലീസ് വിഭാഗം ഇപ്പോൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് സെന്ററുകളിൽ വനിതാ പോലീസ് വിഭാഗമുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ വനിതാ പോലീസ് വിഭാഗം ഏർപ്പെടുത്തുന്നതിന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിനും സ്ത്രീകളെ ബാധിക്കുന്ന നീതിരഹിതമായ നടപടികൾ അന്വേഷിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും വനിതാ കമ്മിഷൻ രൂപീകരിച്ചു. വനിതാ കമ്മിഷൻ കാര്യക്ഷമമല്ലായെന്ന് നിങ്ങൾക്ക് ക്രിട്ടിസിസം ഉണ്ടെങ്കിൽ അക്കാര്യം വനിതാ കമ്മിഷനെ അറിയിക്കാം. അതിന് എന്ത് മറുപടിയാണ് പറയാനുള്ളതെന്ന് ബഹുമാനപ്പെട്ട സുഗതകുമാരിയോട് ചോദിക്കുക. സ്ത്രീകൾക്ക് ജോലിസ്ഥലത്ത് ആവശ്യമായ സംരക്ഷണം നൽകുന്നതിനും സമൂഹത്തിൽ പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുംവേണ്ടി ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്; ഇനി സ്വീകരിക്കുന്നതുമാണ്; തെറ്റുണ്ടെങ്കിൽ തിരുത്തുന്നതുമാണ്.

<u>ശ്രീമതി ശോഭനാ ജോർജ്</u> : സർ, എന്റെ ആവശ്യം ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ ശക്തിപ്പെടുത്തണമെന്നും അതിന് ഭേദഗതികൾ ആവശ്യമാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ അത് കൊണ്ടുവരണമെന്നുമാണ്. വനിതാ കമ്മിഷന് ജുഡീഷ്യൽ പവർ കൊടുക്കുന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുമോ? അങ്ങനെയാണെങ്കിൽ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അക്കാര്യം അവരുമായി ചർച്ച ചെയ്യാം.

IV. സബ്മിഷൻ

(1) കയ്യൂർ, കരിവള്ളൂർ, കാവുംപായി സമരസേനാനികൾക്ക് പെൻഷൻ

ശ്രീ. കെ.പി സതീശ്ചന്ദ്രൻ : സർ, കേരളത്തിലെ സ്വാതന്ത്ര്യ സമര സേനാനികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ബ്രിട്ടീഷ് ഭരണത്തിനും ജൻമി നാടുവാഴിത്തത്തിനുമെതിരെ കേരളത്തിൽ നടന്ന ചരിത്രം സൃഷ്ടിച്ച ജനമുന്നേറ്റങ്ങളായ കയ്യൂർ, കരിവെള്ളൂർ, കാവുംപായി തുടങ്ങിയ ഐതിഹാസികമായ സമരങ്ങൾ 1998-ൽ അധികാരത്തിൽ ഉണ്ടായിരുന്ന ദേശീയ മുന്നണി സർക്കാർ സ്വാതന്ത്ര്യ സമരങ്ങളായി പ്രഖ്യാപിച്ചുവെങ്കിലും ഈ സമരങ്ങളിൽ പങ്കെടുത്ത സ്വാതന്ത്ര്യ സമര സേനാനികൾക്ക് കേന്ദ്ര പെൻഷൻ ഇപ്പോഴും ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ പെൻഷൻ ഇവർക്ക് ലഭിക്കുന്നുണ്ട് എന്നുള്ളത് ആശ്വാസകരമാണെങ്കിലും കേന്ദ്ര പെൻഷൻ നൽകുന്നതിൽ ബി.ജെ.പി. സർക്കാർ കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. കേന്ദ്ര പെൻഷൻ നേരത്തേ ലഭിച്ചു വന്ന വിഖ്യാത സ്വാതന്ത്ര്യ സമര സേനാനികളുടെ സർട്ടിഫിക്കറ്റ് ജയിൽ ജീവിതത്തിനും ഒളിവു ജീവിതത്തിനുമുള്ള തെളിവായി സ്വീകരിക്കുന്നതിനുപകരം അറുപതും എഴുപതും വർഷം മുമ്പ് ജയിൽവാസം അനുഭവിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റുലഭിക്കാൻ ബുദ്ധിമുട്ടാണ്. ജയിൽ സർട്ടിഫിക്കറ്റുകൾ തെളിവായി ഹാജരാക്കാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നത്. ഈ സഭയിലെ അംഗമായിരുന്ന, ഇപ്പോൾ മലബാറിൽ ജീവിച്ചിരിപ്പുള്ള പ്രമുഖ സ്വാതന്ത്ര്യ സമര സേനാനികളിൽ ഒരാളായ സഖാവ് സുബ്രമണ്യഷേണായിക്കുപോലും ഇതിന്റെ ഫലമായി കേന്ദ്ര പെൻഷൻ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഒട്ടനവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യം ശക്തമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും കേന്ദ്ര സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, എം.എസ്.പി. സമരം ഒഴിച്ചുള്ള കയ്യൂർ, കരിവള്ളൂർ, കാവുംപായി, മൊറാഴ, പുന്നപ്ര-വയലാർ സമരങ്ങളിൽ പങ്കെടുത്ത, അപേക്ഷകരിൽ മിക്കവരും ഒളിവും ജയിൽവാസവും അനുഭവിച്ചവരായി അവകാശപ്പെടുകയാണ്. കേന്ദ്ര ജയിൽനിയമം അനുസരിച്ച് ഒളിവ് ജയിൽയാതന അവകാശപ്പെടുന്നവർ അവ തെളിയിക്കുന്നതിനുള്ള രേഖകളും ബന്ധപ്പെട്ട കോടതി രേഖകളും ഹാജരാക്കേണ്ടതാണ്. അല്ലെങ്കിൽ പ്രമുഖ സമരസേനാനികളുടെ ഒളിവ്-സഹതടവ് സർട്ടിഫിക്കറ്റുകളും അവരുടെ ജയിൽ രേഖകളും ഹാജരാക്കേണ്ടതാണ്. അര നൂറ്റാണ്ടിനുമുൻപ് നടന്ന ഈ സമരങ്ങളുമായി ബന്ധപ്പെട്ട് ഔദ്യോഗിക രേഖകൾ ഹാജരാക്കാൻ പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാൽ ഈ സമരങ്ങളിൽ പങ്കെടുത്ത സംസ്ഥാന പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ സ്വാതന്ത്ര്യ സമര സേനാനികൾക്കും കേന്ദ്ര പെൻഷൻ അനുവദിക്കേണ്ടതാണെന്ന് സർക്കാർ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly